കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി.3/1723/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി : 10/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്ത് 2016-2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2- ലെ 2-1, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2, 3-9, 3-13 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാരീതിയും ഓഡിറ്റ്സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-3/1723/2017 തീയതി:10/10/2017

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2017 മുതൽ 28.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ.ജി ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.8.2017മുതൽ 29.8.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഐസക്ക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജയകുമാരിഅമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജിത | 01.04.2016 മുതൽ<br>31.03.17 വരെ |
| സെക്രട്ടറി | ശ്രീ.എൻ.ദേവരാജൻ | 01.04.2016 മുതൽ<br>31.05.16 വരെ |
| | ശ്രീ.രാജുദാസ്<br>ശ്രീ.ഹാഷിം | 01.06.2016 മുതൽ<br>02.08.2016 വരെ<br>03.08.2016 മുതൽ<br>28.01.2017 വരെ |
| | ശ്രീ.രാജുദാസ്<br>ശ്രീ.ബൽജിത്ത് ജീവൻ | 29.01.2017 മുതൽ<br>12.02.2017 വരെ<br>13.02.2017 മുതൽ<br>31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.രാജുദാസ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ബാസിമബീഗം | 01.04.2016 മുതൽ<br>31.03.2017 വരെ |
| അസി.എൻജിനീയർ | ശ്രീമതി.ദീന സുശീൽ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വെറ്റനറി സർജൻ | ഡോ.ഡി.എസ്.ബിന്ദു | 01.04.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷംസുദ്ദീൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.രാകേഷ്.എസ്. | 01.04.2016 മുതൽ |

| | | |
|---|---|---|
| പി.എച്ച്.സി | | 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ബിസിനി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.മഷൂദ്.എച്ച് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.നബീസത്ത് ബീവി.എം.എച്ച് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

34


| ഭാഗം -1 | | |
|---|---|---|
| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നം. |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക. | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | വസ്തുനികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. | 2-1 |
| 13 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-2 |
| 14 | ലേലത്തുക ഈടാക്കിയില്ല | 2-3 |
| 15 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-4 |
| | ഭാഗം -3 | |

| | | |
|---|---|---|
| 16 | വൗച്ചർ വ്യാജമായി ചമച്ച് തുക പിൻവലിച്ചു-<br>ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് തിരിച്ചടച്ചു. | 3-1 |
| 17 | ഡ്രൈവർക്ക് അധികവേതനം നൽകി | 3-2 |
| 18 | അംഗൻവാടികളുടെ വൈദ്യുതിചാർജ്ജ് അടച്ചത്-<br>രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-3 |
| 19 | തുല്യതാപഠനം-ചെലവു രേഖകളില്ല. | 3-4 |
| 20 | അംഗപരിമിതർക്ക് മുച്ചക്രവാഹനം-വിനിയോഗ<br>സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 21 | അനുപൂരകപോഷകാഹാരപദ്ധതി –<br>കേന്ദ്രവിഹിതം ചെലവഴിക്കാനവശേഷിക്കുന്നു. | 3-6 |
| 22 | ഓട്ടോറിക്ഷ വാങ്ങൽ നടപ്പാക്കിയതിലെ അപാകതകൾ | 3-7 |
| 23 | പട്ടികജാതിവിഭാഗക്കാർക്ക് ഭൂമി വാങ്ങൽ-<br>ആധികാരികരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 24 | റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:2:4 കോൺക്രീറ്റിന്<br>അധികനിരക്ക് അനുവദിച്ചു- നിരാകരിക്കുന്ന തുക-33,862/- രൂപ | 3-9 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട്<br>നിലനിർത്തിയിരിക്കുന്നു- സർക്കാർ നിർദ്ദേശത്തിനുവിരുദ്ധം. | 3-10 |
| 26 | കള്ളുസ്നിർമ്മാണം -പണി പൂർത്തീകരിച്ചിട്ടില്ല. | 3-11 |
| 27 | ശുചിത്വമിഷൻഫണ്ടിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നു | 3-12 |
| 28 | ഫൈൻ ഈടാക്കിയതിൽ കുറവ്- പഞ്ചായത്തുഫണ്ടിന് നഷ്ടം-<br>നിരാകരിക്കുന്ന തുക- 24,814/- രൂപ | 3-13 |
| 29 | ആശുപത്രികൾക്ക് മരുന്നു വാങ്ങൽ-മരുന്നു ലഭ്യമായിട്ടില്ല. | 3-14 |
| 30 | ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-15 |
| 31 | പ്രോജക്ട്നം.S0222/17-വാലുപച്ച കുളംനവീകരണവും<br>കുടിവെള്ളവിതരണവും-പദ്ധതി ഫലപ്രാപ്തയിലെത്തിയില്ല-<br>2,16,432/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 32 | സേവനനികുതി കണക്കാക്കിയതിൽ പിഴവ്-<br>കേന്ദ്രഫണ്ടിന് നഷ്ടം- 2,410/-രൂപ, ചെലാൻ പരിശോധനയ്ക്ക്<br>ഹാജരാക്കാത്തതിനാൽ 37,764/-രൂപ തടസ്സപ്പെടുത്തുന്നു. | 3-17 |
| 33 | നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. | 3-18 |
| | ഭാഗം - 4 | |
| 34 | സംയുക്തപ്രോജക്ടുകൾക്കുലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 40 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | സാക്ഷ്യപത്രം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

**1-1.** ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 17.3.2016 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക

അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 04.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-2017 | 19/08/2017 | ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

ധനകാര്യപത്രിക പരിശോധനയിൽ കണ്ട ന്യൂനതകൾ

1.ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതികുടിശ്ശിക വാർഷികധനകാര്യപത്രികപ്രകാരം 80,82,598/-രൂപയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർപ്രകാരം ഇത് 79,47,230/- രൂപയാണ്.

2.സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി തൻവർഷം കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 2 ലക്ഷം രൂപ ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുൻറിപ്പോർട്ടുപ്രകാരം നീക്കിയിരിപ്പ് 47,94,239/- രൂപയാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽനിന്നും സമർപ്പിച്ച വാർഷികധനകാര്യപത്രികയിൽ മുന്നിരിപ്പായി 48,55,120/- രൂപയാണ് എടുത്തിരിക്കുന്നത്. ആയത് അംഗീകരിച്ച് മുന്നിരിപ്പ് 48,55,120/- രൂപയായി പുതുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 48,55,120/- |
| വരവ് | 7,24,14,414/- |
| ആകെ | 7,72,69,534/- |
| ചെലവ് | 6,97,34,535/- |
| നീക്കിയിരിപ്പ് | 75,34,999/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 19093491/- | 19093491/- | 19093491/- | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | - | 5940559/- | 5940559/- | 5940559/- | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | - | 1139921/- | 1139921/- | 1139921/- | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1583766/- | 1583766/- | 1583766/- | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3004555/- | 3004555/- | 3004555/- | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 6869454/- | 6869454/- | 6869454/- | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | - | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 5533/- | 1723562/- | 1729095/- | 1692623/- | 36472/- | 99.95% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ്‌വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 12,26,56,265 | 117 | 5,18,23,680 | - | 146 | 44.48% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)സേവാഗ്രാമകേന്ദ്രം-ഫർണ്ണിച്ചർ വാങ്ങൽ

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം16.87 %ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,96,638/- | 44,29,325/- | 13,32,687/- | 43.03% |
| നികുതിയേതര വരവുകൾ | 18,64,787/- | 21,55,383/- | 2,90,596/- | 15.58% |
| മറ്റുവരവുകൾ | 1,39,28,568/- | 1,54,93,629/- | 15,65,061/- | 11.23% |
| ആകെ | 1,88,89,993/- | 2,20,78,337/- | 31,88,344/- | 16.87% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,53,920/- | 332 |
| കർഷകതൊഴിലാളി പെൻഷൻ | 54,26,470/- | 615 |
| വിധവാപെൻഷൻ | 2,85,92,590/- | 3000 |
| വാർദ്ധക്യകാലപെൻഷൻ | 3,50,82,315/- | 3901 |
| വികലാംഗപെൻഷൻ | 69,77,820/- | 780 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാധനസഹായം | 1,50,000/- | 24 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,56,130/- | 40 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.2017-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5704 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം കൃത്യമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമല്ല. വൗച്ചർ വ്യാജമായി ചമച്ച് തുക പിൻവലിച്ചത്

ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റോക്കുരജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പല പ്രോജക്ടുകളുടെയും ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017 | 01.06.2017 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.2012 | 2007-08 മുതൽ 2011-12വരെ | 01.01.2013 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളിലൊന്നായ വസ്തുനികുതി പിരിച്ചെടു ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2013-14 | 4,62,438/- |
| 2014-15 | 58,86,778/- |
| 2015-16 | 79,72,189/- |
| 2016-17 | 80,82,598 /- |

ഓഡിറ്റ് വർഷം 80,82,598/- രൂപ വസ്തുനികുതി കുടിശ്ശികയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ ഈ തുക പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.2016-17ആദ്യത്തെ അർദ്ധവർഷത്തിനു ശേഷമാണ് പിരിവുദ്യോഗസ്ഥർക്ക് രസീത് ഇഷ്യൂചെയ്ത് ഔട്ട്ഡോർ നികുതിപിരിവ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ 3 വർഷം കഴിഞ്ഞാൽ കാലഹരണപ്പെട്ടുപോകുന്നതിനാൽ മേൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനി കളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവര ങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് 2016-17 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, ചിതറ | I, II |

| | | |
|---|---|---|
| 2 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I, II |
| 3 | കൊശമറ്റം ഫിനാൻസ് , ചിതറ | I |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ്, വാല്യപച്ച | I, II |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ്, മടത്തറ | I, II |
| 6 | എ.പി.ആർ.എം സെൻട്രൽ സ്കൂൾ, ചിതറ | I, II |
| 7 | പോബ്സ് എന്റർപ്രൈസസ് ലിമിറ്റഡ് | I, II |
| 8 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | I, II |
| 9 | ബി.എസ്.എൻ.എൽ ചിതറ | I, II |
| 10 | എസ്.എസ് ഫ്യുവൽസ് | I, II |
| 11 | ഇ.ടി.പൊയ്ക ക്രഷർ യൂണിറ്റ് | I |

3.കെ.എസ്.ബി.സി ഐരക്കുഴി എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽനിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ 7/23.8.17നം. എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. നല്കിയ മറുപടിപ്രകാരം മേൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ലേലത്തുക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ ലേലരജിസ്ററർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾ ലേലംചെയ്തു നൽകിയ വകയിൽ ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലേല ഇനം | ലേലക്കാരൻ | ഒടുക്കേണ്ട ലേലത്തുക | ഒടുക്കിയ ലേലത്തുക | ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കിഴക്കും ഭാഗം പബ്ലിക്ക് മാർക്കറ്റിൽ താത്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.ജയപാലൻ കാഞ്ഞിരത്തുംമൂട് | 1,07,000/- | 5000/- | 1,02,000/- |
| 2 | ഐരക്കുഴി പബ്ലിക്ക് മാർക്കറ്റിൽ താത്കാലിക സ്റ്റാൾ | ശ്രീ.സലിം പേഴുംമൂട് | 95,000/- | 45,000/- | 50,000/- |

| | | | | | |
|---|---|---|---|---|---|
| | കെട്ടി മാട്ടിറച്ചി വ്യാപാരം | | | | |
| 3 | കൊല്ലായിൽപബ്ലിക്ക് മാർക്കറ്റിൽ താത്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.ഷാഫി വിളവുപച്ച | 1,40,000 | 31,000 | 1,09,000 |
| 4 | കിഴക്കുംഭാഗം പബ്ലിക്ക് മാർക്കറ്റിൽ താത്കാലിക സ്റ്റാൾ കെട്ടി ആട്ടിറച്ചി വ്യാപാരം | ശ്രീ.സലിം പേഴും മൂട് | 1,750/- | 600/- | 1,150/- |
| ആകെ | | | | | 2,62,150/- |

ലേലക്കാരിൽനിന്നും ഈടാക്കാൻ കുടിശ്ശികയുള്ള ലേലത്തുക 2,62,150/- രൂപ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 8/23.8.2017നം.എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ലേലക്കുടിശ്ശിക വരുത്തിയ ലേലക്കാരിൽനിന്ന് റവന്യൂ റിക്കവറിനടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2016-17 വർഷം ഇ-ടെണ്ടർപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫോറ വില (വാറ്റ് ഉൾപ്പടെ)(രൂ) | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ആകെ തുക (രൂ.) |
|---|---|---|---|---|
| 1 | മാങ്കോട് പി.എച്ച്.സി അറ്റകുറ്റപ്പണികൾ | 1,050/- | 3 | 3,150/- |

| | | | | |
|---|---|---|---|---|
| 2 | ചിതറ ഗ്രാമപഞ്ചായത്തിലെ വിവിധ എൽ.പി.സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ | 2,625/- | 2 | 5,250/- |
| 3 | കിഴക്കുംഭാഗം ഐരക്കുഴി മാർക്കറ്റ് നവീകരണം | 1,470/- | 3 | 4,410/- |
| 4 | കണ്ണങ്കരക്കോണം കല്ലുവെട്ടാംകുഴി മൂന്നുമുക്ക് തേരിക്കട റോഡ് റീടാറിംഗ് | 2,625/- | 3 | 7,875/- |
| 5 | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 2,500/- | 2 | 5,000/- |
| 6 | മടത്തറ ബസ് സ്റ്റാന്റ് നിർമ്മാണം | 1,800/- | 2 | 3,600/- |
| ആകെ | | | | 29,285/- |

ടെണ്ടർ ഫോറവില, വാറ്റ് എന്നീ ഇനത്തിൽ ഈടാക്കി, കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 29,285/-രൂ. ചിതറ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## ഭാഗം-3

<u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>വൗച്ചർ വ്യാജമായി ചമച്ച് തുക പിൻവലിച്ചു- ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് തിരിച്ചടച്ചു.</u>

കെ.എസ്.ഇ.ബി.യുടെ 6.4.2016 തീയതിയിലെ 4662160404058 നമ്പർ ബിൽ പ്രകാരമുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിന് ചെക്ക് നം. 424597 തീയതി.8.4.16 പ്രകാരം 76,266/- രൂപ തനതുഫണ്ടിൽനിന്നും പിൻവലിച്ചെങ്കിലും (വൗച്ചർ നം.28/4-16 തീയതി 8.4.16) തുക കെ.എസ്.ഇ.ബി-യിൽ അടച്ചിട്ടില്ല. ഈ തുക 4.5.16 തീയതിയിലെ 33/5-16 നമ്പർ വൗച്ചർ പ്രകാരമാണ് (ചെക്ക് നം.424995 തീയതി 4.5.16) അടവാക്കിയത്. എന്നാൽ 4.5.16 തീയതിയിലെ 33/5-16 നമ്പർ വൗച്ചറിനൊപ്പം സബ് വൗച്ചറായി വച്ചിട്ടുള്ള കറണ്ട്ബില്ലും (4662160404058 തീയതി 6.4.16) കാഷ്റസീറ്റും (നം.4662016050510l273 തീയതി 5.5.16) തന്നെയാണ് 28/4-16 തീയതി 8.4.16 വൗച്ചറിനൊപ്പവും വച്ചിരിക്കുന്നത്. 8.4.16 തീയതിയിലെ 28/4-16നം. വൗച്ചർ വൈദ്യുതിചാർജ്ജ് അടയ്ക്കാനെന്ന വ്യാജേന തയ്യാറാക്കുകയും 76,266/- രൂപ പിൻവലിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം പഞ്ചായത്തുഫണ്ടിൽനിന്ന് 76,266/- രൂപയുടെ പണാപഹരണം നടന്നിട്ടുണ്ട്. സെക്രട്ടറിയും വൗച്ചർ തയ്യാറാക്കിയ അക്കൗണ്ടന്റും ഇതിനുത്തരവാദികളാണ്. ഓഡിറ്റ് കണ്ടെത്തലിനെത്തുടർന്ന് ടി തുക രസീത് നം.11701010l994/29.8.2017 തീയതിയിൽ തിരിച്ചടച്ചു.

ഈ വിഷയത്തിൽ ഭരണവകുപ്പ് അന്വേഷണം നടത്തേണ്ടതും കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 ഡ്രൈവർക്ക് അധികവേതനം നൽകി

വൗച്ചർ നമ്പർ- 11/7-16തീ.1.7.16

ചെക്ക് നമ്പർ- 425455/1.7.16 തുക 29,950/-

മേൽ വൗച്ചർപ്രകാരം ഗ്രാമപഞ്ചായത്തിലെ ജീപ്പ് ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ.അശോകന് 2016 ഏപ്രിൽ, മെയ് മാസങ്ങളിലെ കുടിശ്ശികവേതനവും 2016 ജൂൺ മാസത്തെ വേതനവും നൽകിയിട്ടുണ്ട്. ജി.ഒ (പി) 28/2016 ഫിൻ തീയതി 26.2.16 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ വേതനം പ്രതിദിനം 650 രൂപയായി 01.04.2016 മുതൽ പ്രാബല്യത്തിൽ വർധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ടിയാൾക്ക് ലഭിക്കേണ്ട വേതനം 17,550/-രൂപയായി നിജപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ പുതുക്കിയനിരക്കിൽ ഏപ്രിൽ, മെയ് മാസങ്ങളിലെ കുടിശ്ശിക വേതനം നൽകിയപ്പോൾ അധികമായി നൽകിയതിന്റെ വിവരങ്ങൾ താഴെ കാണിക്കുന്നു.

| മാസം | ദിവസം | പുതുക്കുന്നതിനു മുമ്പ് കൈപ്പറ്റിയ വേതനം (പ്രതിമാസം 450/- രൂപ നിരക്കിൽ) | നല്കേണ്ട വേതനം (പ്രതിമാസം 650 /-രൂപ നിരക്കിൽ) | നല്കിയ കുടിശ്ശിക വേതനം | നൽകേണ്ട കുടിശ്ശിക വേതനം | അധികം നൽകിയത് |
|---|---|---|---|---|---|---|
| ഏപ്രിൽ 2016 | 30 | 13,500/- | 17,550/- | 6,000/- | 4,050/- | 1,950/- |
| മെയ്2016 | 30 | 13,500/- | 17,550/- | 6,000/- | 4,050/- | 1,950/- |
| ആകെ | | | | | | 3,900/- |

ഇക്കാര്യം കാണിച്ചു നൽകിയ എൻക്വയറി നം.13/25.8.17-ന് പഞ്ചായത്ത് നൽകിയ മറുപടിയിൽ ഡ്രൈവർക്ക് അധികമായി നൽകിയ 3,900/-രൂപ ആഗസ്റ്റ് 2017 മാസത്തെ വേതനത്തിൽനിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 3,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 അംഗൻവാടികളുടെ വൈദ്യുതി ചാർജ്ജ് അടച്ചത്-രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 26 അംഗൻവാടികൾക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി 10,543/- രൂപ അനുവദിച്ച് കൊടുക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ 18.3.16 തീയതിയിൽ കത്തുമുഖേന ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ

നം.71/29-6-2016 (ചെക്കുനമ്പർ 425453/30-6-16)പ്രകാരം 10,543/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക അംഗൻവാടികൾക്ക് നൽകിയതിന്റെയോ വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11/25.8.17 നം.ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 10,543 /-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 തുല്യതാപഠനം-ചെലവു രേഖകളില്ല.

2016-17 വാർഷികപദ്ധതിയിലുൾപ്പെടുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 10-ാം ക്ലാസ്സ് തുല്യതാപഠനം(പ്രോജക്ട് നം.175/17) എന്ന പ്രോജക്ടിനായി 30,000/- രൂപ കേന്ദ്രാവിഷ്കൃതഫണ്ട് വകയിരുത്തിയിരുന്നു. 20 പേർക്കായി 1,500/- രൂപവീതം ആകെ 30,000/- രൂപ സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടർക്ക് ഡി.ഡി.നം.523646/9.3.17 പ്രകാരം നൽകിയിട്ടുണ്ട് . എന്നാൽ, ഫയൽ പരിശോധിച്ചതിൽ പഠിതാക്കളുടെ വിവരങ്ങൾ , പരീക്ഷ എഴുതിയതിന്റെയും പരീക്ഷ വിജയിച്ചതിന്റെയും വിവരങ്ങൾ, സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവുതുകയായ 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അംഗപരിമിതർക്ക് മുച്ചക്രവാഹനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗപരിമിതർക്ക് മുച്ചക്ര വാഹനം(പ്രോജക്ട്നം.s0137/17)എന്ന പ്രോജക്ടിനായി 11,64,950/- രൂപ വകയിരുത്തിയിരുന്നു. ടി തുക ബിൽ നം .10/16-17 /31.1.17 പ്രകാരം പിൻവലിച്ച് 23 വാർഡുകളുടേയും അംഗീകരിച്ച ലിസ്റ്റപ്രകാരം കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നൽകിയിട്ടുണ്ട്.എന്നാൽ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചതെന്നു സംബന്ധിച്ചോ വിനിയോഗം സംബന്ധിച്ചോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.15/തീയതി 25.8.17)ടി പദ്ധതിയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടി ഹാജരാക്കി. വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതുവരെ 11,64,950/- രൂപയുടെ ചെലവ് തടസ്സത്തിൽവയ്ക്കുന്നു.

## 3-6 അനുപൂരകപോഷകാഹാരപദ്ധതി -കേന്ദ്രവിഹിതം ചെലവഴിക്കാനവശേഷിക്കുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന അനുപൂരക പോഷകാഹാരപദ്ധതിയ്ക്കായി ലഭിച്ച കേന്ദ്രവിഹിതം ചെലവഴിക്കാനവശേഷിക്കുന്നു. ലഭിച്ച തുക തനതുഫണ്ടിൽ (ഇന്ത്യൻ ബാങ്ക്, ചിതറ-അക്കൗണ്ട് നം.559566571) നിക്ഷേപിച്ചിരിക്കയാണ്. ടി അക്കൗണ്ടിൽ 31.01.2017 ൽ 20,46,686/- രൂപ നീക്കിയിരുപ്പുണ്ട്. സ.ഉ.നം.39033/ഡി.സി.2 /2010തസ്വഭവ തീ.03.09.2010 പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന വിഹിതം കെട്ടിടമില്ലാത്ത അംഗൻവാടികളുടെ നിർമ്മാണത്തിനും അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഓട്ടോറിക്ഷ വാങ്ങൽ-നടപ്പാക്കിയതിലെ അപാകതകൾ

പട്ടികജാതി യുവതികൾക്ക് ഓട്ടോറിക്ഷവാങ്ങൽ എന്ന പ്രോജക്ടിനായി 3 ഗുണഭോക്താക്കൾക്ക് 50,000/- രൂപവീതം നൽകുന്നതിനായി 1,50,000/- രൂപ ബിൽ നം.18/16-17/25.3.17 പ്രകാരം പിൻവലിച്ചു. പ്രോജക്ട് പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1.ധനസഹായതുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകേണ്ടതാണ്. ആയത് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. ബിൽ ഹാജരാക്കിയിട്ടില്ല.
3.മറ്റ് ഏജൻസികളിൽനിന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്നതിന് രേഖകളില്ല.
4. ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തവരാണെന്ന് തെളിയിക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
5. പ്രിയ.കെ.എസ്. എന്ന ഗുണഭോക്താവിന്റെ അപേക്ഷ, വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, വാഹനഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.മറ്റു രണ്ടു ഗുണഭോക്താക്കളും വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, വാഹനഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ എന്നിവ നേരിട്ട് ഹാജരാക്കിയിരുന്നു.
അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.17/തീയതി 26.8.17)മറുപടി ലഭ്യമാക്കിയില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമനം.5-ൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

**3-8** <u>പട്ടികജാതിവിഭാഗക്കാർക്ക് ഭൂമിവാങ്ങൽ- ആധികാരികരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.</u>

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി 3 സെന്റ് ഭൂമി (പ്രോജക്ട് നം.191/16-17)എന്ന പ്രോജക്ടിനായി 24,00,000/- രൂപ വകയിരുത്തിയിരുന്നു (17,74,000/-വികസനഫണ്ട്, 5,76,000/-കേന്ദ്രവിഹിതം,50,000/-തനതുഫണ്ട്). 16 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. ചെലവു സ്റ്റേറ്റുമെന്റുപ്രകാരം ടി തുക ചെലവായി കാണിച്ചിട്ടുണ്ട്. 17,74,000/- രൂപയിൽ 3,00,000/-(ബിൽ നം.14/16-17/9.3.17) രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ 6,00,000/- രൂപ (ബിൽ നം.17/16-17/25.3.17), 8,74,000/-(ബിൽ നം.19/16-17 /29.3.17) പിൻവലിച്ചത് ചെലവഴിച്ചതിന്റെ ആധികാരിക രേഖകൾ ഹാജരാക്കിയിട്ടില്ല.
കൂടാതെ,5,76,000/-(കേന്ദ്രവിഹിതം),50,000/-(തനതുഫണ്ട്) എന്നീ തുകകൾ ചെക്ക് നം.567662/30.3.17 പ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരിക രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ടി പ്രോജക്ടിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവായ ശ്രീമതി.ശാനി.എം.ഷിജു എന്നയാളെ ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പടുത്തിയിരുന്നതായും 1.21 ആർ സ്ഥലത്തിന് പട്ടയം നൽകിയതായും കാണുന്നു. പട്ടയമുണ്ട്, വസ്തുവില്ല എന്ന തലക്കെട്ടോടുകൂടിയുള്ള പത്രവാർത്ത ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാലും പഞ്ചായത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനുമായി പട്ടയം റദ്ദുചെയ്യണമെന്ന ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പട്ടയം റദ്ദുചെയ്യുന്നതിനായി നേരിൽകേൾക്കുന്നതിന് ഹാജരാകണമെന്ന് കൊട്ടാരക്കര തഹസീൽദാർ സി1-1787/2017/ZLP/8.3.17 പ്രകാരം ടിയാൾക്ക് കത്തു നൽകിയിട്ടുണ്ട്. എന്നാൽ തുടർനടപടി സംബന്ധിച്ച വിവരങ്ങൾഒന്നും തന്നെ ലഭ്യമായിട്ടില്ല. കൂടാതെ, അനന്തരാവകാശമായി കുടുംബസ്വത്ത് ലഭിക്കാൻ അവകാശമുള്ളവരല്ല എന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നുംതന്നെ ഒരു അപേക്ഷയോടൊപ്പവും ഉൾപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.22/തീയതി 29.8.17) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 21,00,000/- രൂപ (6,00,000 + 8,74,000 +576000 +50000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:2:4 കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു- നിരാകരിക്കുന്ന തുക-33,862/- രൂപ

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം, ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന 1:2:4 കോൺക്രീറ്റ് പ്രവൃത്തിക്ക് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോഡ്-4.1.3

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | ... | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size) : 20 mm nominal size | cum | 0.670 | 1,175.00 | 787.25 |
| 0297 | Stone Aggregate (Single Size): 10 mm nominal size | cum | 0.220 | 1,175.00 | 258.50 |
| 2202 | Carriage of Stone Aggregate below 40 mm nominal size | cum | 0.890 | 106.49 | 94.78 |

| | | | | | |
|---|---|---|---|---|---|
| 0982 | Coarse sand (Zone III) | cum | 0.445 | 1,200.00 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6,300 | 2,016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417.00 | 41.70 |
| 0114 | Beldar | day | 1.630 | 329.00 | 536.27 |
| 0101 | Bhisti | day | 0.700 | 350.00 | 24.50 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800.00 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.70 | 350.00 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4,706.23 |

| | | | | | |
|---|---|---|---|---|---|
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4,753.29 |

മേൽ സൂചിപ്പിച്ച അടിസ്ഥാനനിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ്കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്.

ഇതനുസരിച്ച്,

1.1.2015- ൽ അനുവദനീയമായ നിരക്ക് = 4753.29X1.4190 = 6744.92/cum.

1.8.2015- ൽ അനുവദനീയമായ നിരക്ക് = 4753.29X1.4762 =7016.80/cum.

എന്നാൽ, പ്രസ്തുത ഇനത്തിന് ഉയർന്നനിരക്ക് അനുവദിച്ചതുമൂലം കൺവീനർക്ക് അധികം തുക നൽകാനിടയായി.

C.C.1:2:4-ന് തൻവർഷം ഉയർന്ന നിരക്ക് അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | CC.1:2:4-ന്റെ അളവ് | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | നം.S0157/17<br>കാക്കാകുന്ന് ഉടുമ്പ്കോണം റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ-4,95,000/-<br>(VPF-160142, Plan-20472,CFC-314386/-)<br>കൺവീനർ-സജീവൻ<br>എഗ്രി.നം./തീയതി- | 25.8m3 | @7,106.35/m3 =1,83,343.83 | @6,744.92/m3 =1,74,019.45 | 9,324/- |

| | | | | | |
|---|---|---|---|---|---|
| | 23/AE/LSGD/ CHRA/15-16/ 24.7.2015<br>ബിൽ നം./തീയതി-<br>92/15-16/29.3.16<br>തുക-20,472/-<br>ബിൽ നം./തീയതി-<br>6/16-17/29.9.16<br>തുക-3,14,386/-<br>ചെക്ക് നം. 5,23,457/30.9.16<br>തുക-1,58,180/-<br>T.S.No.88/AEE/ LSGD/CDLM/15-16/25.6.2015.<br>എം.ബുക്ക് നം.108/15-16 | | | | |
